(Pages : 4) **J – 2770**

Reg. No. : ..............................

Name : ..................................

**Second Semester B.A./B.Sc./B.Com. Degree Examination, May 2020**

**Career Related First Degree Programme under CBCSS**

**Malayalam Language**

**Language Course IV – Additional Language**

**ML 1211.3 : ദൃശ്യകലാസാഹിത്യം**

**(2018 admission onwards)**

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ രണ്ടു വാക്യത്തിലോ ഉത്തരം എഴുതുക.

1. കല്യാണസൗഗന്ധികം ഏത് വിഭാഗത്തിൽപെടുന്ന തുള്ളലാണ് ?

2. രാമനാട്ടത്തിന്റെ ഉപജ്ഞാതാവാര് ?

3. ഓരോരോ കാലത്തിലും എന്ന നാടകമെഴുതിയതാര് ?

4. മലയാള നാടക സാഹിത്യ ചരിത്രം എഴുതിയതാര് ?

5. നളോപാഖ്യാനം മഹാഭാരതം ഏത് പർവ്വത്തിൽ ഉൾപ്പെട്ടതാണ് ?

6. "വേണ്ടും ബലം നിനക്കുണ്ടെന്നു നിർണയം" - ആരുടെ ബലത്തെപ്പറ്റിയാണ് ഇവിടെ പറയുന്നത്?

P.T.O.

7. പെരുവഴിയമ്പലം എന്ന ചലച്ചിത്രത്തിന്റെ സംവിധായകൻ ആര്?

8. മലയാളത്തിലെ ഇബ്സൺ എന്നറിയപ്പെടുന്നതാര്?

9. ചതുർവിധാഭിനയങ്ങൾ ഏതെല്ലാം?

10. മലയാളത്തിലെ ആദ്യ സാമൂഹിക നാടകം ഏത്?

**(10 × 1 = 10 Marks)**

II. **ഒരു ഖണ്ഡികയിൽ** കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരം എഴുതുക.

11. "മുദിതം മാനസം മേ ഭഗദംഗ ദർശനേന

മുഴുതിങ്കളുദയേന കുമുദമെന്നതുപോലെ"

- വ്യാഖ്യാനിക്കുക.

12. "കുല കന്യകമാരാൽ ഹൃദി
ഗുഹനീയം വസ്തു പറയാമോ?"
- വക്താവിന്റെ സ്വഭാവം ഈ വരികളിൽ എത്രത്തോളം നിഴലിക്കുന്നു?

13. കമനി! രത്നകനകങ്ങളുടെ
ഘടനയേ ഘടന നിങ്ങളുടെ
വിഷ്ണു രമയ്ക്ക്, നിശയ്ക്കു ശശാങ്ക-
നുമയ്ക്കു ഹരൻ നളനോർക്കുകിൽ നിനക്കും
- വ്യാഖ്യാനിക്കുക.

14. "ജനിച്ചു വീഴുന്ന ഒരു കുഞ്ഞിന്റെ ആദ്യ ശബ്ദം, അതുപോലൊരു സംഗീതം വേറെയില്ല" - സന്ദർഭം എഴുതി വിശദീകരിക്കുക.

15. "ഇതാണ് ശരിക്കും ഊരാക്കുടുക്ക് - മാഡത്തിന് ഇതൊന്ന് ഒഴിവാക്കാമായിരുന്നു" - സന്ദർഭം എഴുതി ആശയം വ്യക്തമാക്കുക.

16. "പത്ഥ്യമല്ലെങ്കിൽ പറഞ്ഞതുമില്ല ഞാൻ
ധർമ്മാടവീവാസിയാകുന്ന രാഘവൻ
തന്മാനിനീവാക്കു കേട്ടു മോഹിക്കയാൽ
പൊന്മാനിനെപ്പിടിപ്പാനായ് പുറപ്പെട്ടു"
- സന്ദർഭം എഴുതി ആശയം വ്യക്തമാക്കുക.

17. "മറ്റേതും ഖണ്ഡിച്ച് മറ്റതിൽ മേൽ വീണു
മറ്റതും മറ്റതും മറ്റതും ഭസ്മമായി"
- എപ്പോൾ? വിശദമാക്കുക.

18. കുടുംബനാഥനായ മാധവൻ നായരുടെ വ്യക്തിത്വത്തിലെ നന്മകൾ എന്തെല്ലാം?

19. ലേബർ റൂമിലെ അവതരണത്തിന്റെ പുതുമകൾ എന്തെല്ലാം?

20. "ജനിക്കാനിരിക്കുന്നവരും മരിച്ചു പോയവരും ജീവിച്ചിരിക്കുന്നവരെക്കാൾ പ്രായം കൂടിയവരാണ്" സന്ദർഭം എഴുതി ആശയം വിശദമാക്കുക.

21. നാരദൻ ദമയന്തിയെപ്പറ്റി നളനോട് പറഞ്ഞതെന്തെല്ലാം?

22. ഭഗ്നഭവനം നാടകത്തിലെ രാധയെ പരിചയപ്പെടുത്തുക.

**(8 × 2 = 16 Marks)**

III. **120** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരം എഴുതുക.

23. കേരളീയ ദൃശ്യകലകളെ പരിചയപ്പെടുത്തുക.

24. കേരളീയത കുഞ്ചൻ നമ്പ്യാർ കൃതികളിൽ പ്രതിഫലിക്കുന്നതെങ്ങനെ?

25. ഭീമന്റെ വനയാത്രയിലെ കാഴ്ചകൾ ചുരുക്കി എഴുതുക.

26. തിരക്കഥ എന്നാൽ എന്ത്? സാമാന്യമായി പരിചയപ്പെടുത്തുക.

27. കഥകളിയുടെ വളർച്ചയിൽ കോട്ടയത്തു തമ്പുരാന്റെ സംഭാവന എന്ത്?

28. ഭഗ്നഭവനത്തിലെ സുമതിയുടെ ജീവിതത്തിലുണ്ടാകുന്ന മാറ്റങ്ങളെന്തെല്ലാം?

29. വേരുകളില്ലാത്ത നായകന്റെ ധർമ്മസങ്കടങ്ങളും രതിയുടെ അനിവാര്യതയും ഒരിടത്തൊരു ഫയൽവാനിൽ കാണാം - വിശദീകരിക്കുക.

30. ആട്ടക്കഥാ സാഹിത്യചരിത്രത്തിൽ നളചരിതത്തിനുള്ള സ്ഥാനമെന്ത്?

31. ഒരു ജനകീയകവി എന്ന നിലയിൽ കുഞ്ചൻ നമ്പ്യാരെ പരിചയപ്പെടുത്തുക.

**(6 × 4 = 24 Marks)**

IV. **മൂന്നു പുറത്തിൽ കവിയാതെ രണ്ടു** ചോദ്യത്തിന് ഉത്തരം എഴുതുക.

32. മലയാള നാടക ചരിത്രത്തിലെ നിർണ്ണായകമായ ഒരു വഴിത്തിരിവാണ് ഭഗ്നഭവനം. സമർത്ഥിക്കുക.

33. വ്യത്യസ്തമായ പ്രമേയപരിസരം കൊണ്ട് ശ്രദ്ധേയമായ ഒരു നാടകമാണ് ലേബർ റൂം. പരിശോധിക്കുക.

34. മലയാള നാടകത്തിന്റെ വികാസ പരിണാമങ്ങളെപ്പറ്റി ഉപന്യസിക്കുക.

35. നിലവിലുണ്ടായിരുന്ന സിനിമാ സങ്കൽപങ്ങളെ തിരസ്കരിക്കുന്ന ചിത്രമായിരുന്നു ഒരിടത്തൊരു ഫയൽവാൻ. ചർച്ച ചെയ്യുക.

**(2 × 15 = 30 Marks)**

---